
# ജമാഅത്തെ ഇസ്ലാമിക്ക്
# ഏറ്റവും മെച്ചപ്പെട്ടത് ജനാധിപത്യമൊ?

കേരളത്തിലെ ജമാഅത്തെ ഇസ്ലാമിയുടെ ജനാധിപത്യത്തോടുള്ള നിലപാടുകളെ കുറിച്ച് പ്രസ്താവിക്കുന്ന ഒരു ലേഖനം അവരുടെ വെബ്സൈറ്റിലൂടെയും, സുഹൃത്തുക്കൾ മുഖാന്തരം ഇ-മെയിലിലൂടെയും വായിക്കാനിടയായി. ഇന്ത്യയിലെ ജനാധിപത്യ വ്യവസ്ഥകളോട് ജമാഅത്തിനുള്ള നിലപാട് പൂർണ്ണമായും യോജിപ്പുള്ളതും, ആധുനിക ജനാധിപത്യം, മനുഷ്യർ ആവിഷ്കരിച്ച രാഷ്ട്രീയ ഭരണക്രമങ്ങളിൽ ഏറ്റവും മെച്ചപ്പെട്ടതുമായാണ് പ്രസ്തുത ലേഖനത്തിലൂടെ ഇവർ പരിചയപ്പെടുത്തുന്നത്. ജമാഅത്തെ ഇസ്ലാമിയുടെ മുൻകാല നിലപാടുകളിൽ വന്നു ഭവിച്ച പിഴവുകൾ തിരുത്തുകയാണ് എന്ന തരത്തിലാണ് പറയപ്പെട്ട ആശയങ്ങൾ പ്രചരിപ്പിക്കുന്നതെങ്കിൽ നമുക്കത് അംഗീകരിക്കാമായിരുന്നു. എന്നാൽ വസ്തുത വിപരീതമാണ്. ഇന്ത്യയിൽ ഭരണാധികാരിയെ തെരഞ്ഞെടുക്കാനുള്ള ഏറ്റവും മെച്ചപ്പെട്ട രീതി എന്ന നിലയിൽ ജമാഅത്തെ ഇസ്ലാമി ജനാധിപത്യ വ്യവസ്ഥിതിയെ പിന്തുണക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു എന്ന പുതിയ വെളിപ്പെടുത്തലിന് മൗലാനാ മൗദൂദി സാഹിബിൻെറ കൃതികളെയാണ് തെളിവുകൾക്കായി അവർ ആശ്രയിക്കുന്നത്!! ജനാധിപത്യത്തിൻെറ പ്രസക്തി വിവരിക്കുന്നതിനു വേണ്ടി മൗദൂദിയുടെ ‘മതേതരത്വം, ദേശീയത്വം, ജനാധിപത്യം ഒരു താത്വിക വിശകലനം’ എന്ന പുസ്തകത്തിൽ നിന്നും രണ്ട് ഭാഗങ്ങൾ തെളിവിനായി പ്രസ്തുത ലേഖനത്തിൽ കൊടുത്തിട്ടുണ്ട്. അതിലുള്ള ഖേദകരമായ വസ്തുത എന്തെന്നാൽ പ്രസ്തുത പുസ്തകത്തിൻെറ രചന മൗദൂദി സാഹിബ് നിർവഹിച്ചിരിക്കുന്നത് തന്നെ ഇന്ത്യയുടെ മതേതരത്വ, ദേശീയത്വ, ജനാധിപത്യ വ്യവസ്ഥകളെ അങ്ങേയറ്റം വിമർശിക്കാനും, ഒരു മുസ്ലിം എന്ന നിലയിൽ ഈ വ്യവസ്ഥിതികളെ ഉദ്ധാരണം ചെയ്യുന്നതിൽ യാതൊരു നിലക്കും പങ്കെടുത്തുക്കൂടാ എന്ന് പ്രഖ്യാപിക്കുവാനും വേണ്ടിയാണ്. അത് എളുപ്പം മനസ്സിലാക്കാൻ പറയപ്പെട്ട പുസ്തകത്തിൻെറ പുറംചട്ടയിൽ കൊടുത്ത വാചകങ്ങൾ മാത്രം വായിച്ചാൽ മതിയാകുന്നതാണ്.



## മതേതരത്വം, ദേശീയത്വം, ജനാധിപത്യം ഒരു താത്വിക വിശകലനം

അബുൽ അഅ്ലാ മൗദൂദി

അഭിനവ ഭൗതിക സംസ്കാരത്തിന്റെ അടിത്തറകളായി നിലകൊള്ളുന്ന മതേതരത്വം, ദേശീയത്വം, ജനാധിപത്യം എന്നീ മൂന്നു തത്വങ്ങളുടെ നിശിതമായ വിമർശനവും അവയ്ക്കെതിരെ ഇസ്ലാം ഉന്നയിക്കുന്ന ഏകദൈവത്വം, മനുഷ്യത്വം, ദൈവിക പരമാധികാരത്തിലധിഷ്ഠിതമായ ജനപ്രാതിനിധ്യം എന്നീ മൂന്നു തത്വങ്ങളുടെ വിശദീകരണവുമാണ് ഈ കൃതിയുടെ ഉള്ളടക്കം.

‘ജമാഅത്തെ ഇസ്ലാമിയുടെ സന്ദേശം’ എന്ന പേരിൽ നേരത്തെ പ്രസിദ്ധീകരിച്ച ഈ കൃതി ഉള്ളടക്കത്തോട് കൂടുതൽ നീതി പുലർത്തുന്ന പുതിയ തലക്കെട്ടോടെ വീണ്ടും പ്രസിദ്ധീകരിക്കുകയാണ്. ജാതിമത ഭേദമന്യേ ഏവർക്കും പ്രയോജനപ്രദമാണിത്.

വില: 7.50

ജമാഅത്തെ ഇസ്‌ലാമിയുടെ ലേഖനത്തിൽ എടുത്തെഴുതിയ മേൽസൂചിപ്പിച്ച പുസ്തകത്തിലെ വരികൾ ആദ്യമായി പരിശോധിക്കാം. നാടുവാഴിത്തത്തേക്കാളും രാജാധിപത്യത്തേക്കാളുമേറെ എടുത്തോതാവുന്ന ഒട്ടേറെ മികവുകൾ ജനാധിപത്യത്തിനുണ്ട് എന്ന് മൗദൂദി സാഹിബ് എഴുതിയ ഭാഗം ഇവർ ഉദ്ധരിച്ചത് കാണുക:

> എന്നാൽ മനുഷ്യർ ആവിഷ്കരിച്ച രാഷ്ട്രീയ-ഭരണക്രമങ്ങളിൽ ഏറ്റവും മെച്ചപ്പെട്ടത് ജനാധിപത്യമാണ്. നാടുവാഴിത്തത്തേക്കാളും രാജാധിപത്യത്തേക്കാളുമേറെ എടുത്തോതാവുന്ന ഒട്ടേറെ മികവുകൾ അതിനുണ്ട്. ഗുണപരമായ ഈ വശത്തെ ജമാഅത്ത് അംഗീകരിക്കുന്നു. സയ്യിദ് അബുൽഅഅ്‌ലാ മൗദൂദി എഴുതുന്നു: "ജനാധിപത്യം ആദ്യത്തിൽ ആവിഷ്കൃതമായത് രാജാക്കന്മാരുടെയും നാടുവാഴി പ്രഭുക്കന്മാരുടെയും ആധിപത്യച്ചങ്ങല
> പൊട്ടിച്ചെറിയേണ്ടതിനു വേണ്ടിയായിരുന്നു. ഒരതിർത്തിയോളം അത് ശരിയുമായിരുന്നു. ജനകോടികളുടെ മേൽ സ്വന്തം അഭീഷ്ടവും സ്വേഛയും അടിച്ചേൽപിക്കാനോ അവരെ സ്വാർഥതാൽപര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാനോ ഒരു വ്യക്തിക്കോ കുടുംബത്തിനോ വർഗത്തിനോ അധികാരവുംഅവകാശവുമില്ല"
> (മതേതരത്വം, ദേശീയത്വം, ജനാധിപത്യം: ഒരു താത്ത്വികവിശകലനം പേജ് 10).

സത്യത്തിൽ, മുകളിൽ വായിച്ച ഉദ്ധരണി മൗദൂദി സാഹിബ് എഴുതിയ പ്രകരണത്തോടെ വായിക്കുമ്പോൾ മാത്രമേ ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശപരമായ വഞ്ചന മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ലോകത്തിന്റെ ചിന്താപരവും സദാചാരപരവും നാഗരികവും രാഷ്ട്രീയവും സാമ്പത്തികവുമായ ജീവിത വ്യവസ്ഥിതിയെ മുച്ചൂടും ചലിപ്പിച്ചുകൊണ്ടിരിക്കുന്ന അഭിനവ സംസ്കാരം, മതേതരഭൗതികവാദം, ദേശീയത്വം, ജനാധിപത്യം എന്നിങ്ങനെയുള്ള മൂന്ന് അടിസ്ഥാന തത്വങ്ങളിലാണ് അധിഷ്ഠിതമായിരിക്കുന്നത് എന്ന് മൗദൂദി സാഹിബ് സിദ്ധാന്തിക്കുന്നു (അതേ പുസ്തകം, പേജ് 8). ഒന്നാമത്തെ തത്വമായ മതേതര ഭൗതികവാദത്തെയും, രണ്ടാമത്തെ തത്വമായ ദേശീയത്വത്തെയും മൗദൂദി തന്റെ വീക്ഷണകോണിലൂടെ വിശദീകരിച്ചതിനു ശേഷം, മൂന്നാമത്തെ തത്വമായ ജനാധിപത്യത്തെ വിശദീകരിക്കുന്നത് സഹോദരങ്ങളെ, നിങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക:

> മൂന്നാമത്തെ തത്ത്വം, ജനാധിപത്യം (Sovereignty of People) ആദ്യത്തിൽ ആവിഷ്കൃതമായത് രാജാക്കൻമാരുടെയും നാടുവാഴി പ്രഭുക്കൻമാരുടെയും ആധിപത്യച്ചങ്ങല പൊട്ടിച്ചെറിയേണ്ടതിന് വേണ്ടിയായിരുന്നു. ഒരതിർത്തിയോളം അത് ശരിയുമായിരുന്നു. ജനകോടികളുടെ മേൽ സ്വന്തം അഭീഷ്ടവും സ്വേഛയും അടിച്ചേല്പിക്കുവാനോ, അവരെ സ്വന്തം സ്വാർഥതാൽപര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാനോ ഒരു വ്യക്തിക്കോ കുടുംബത്തിനോ വർഗത്തിനോ അധികാരവും അവകാശവുമില്ല. ഇത്രയും കാര്യം പരമാർഥംതന്നെ. എന്നാൽ, ജനാധിപത്യവാദത്തിന് പ്രസ്തുത നിഷേധാത്മക വശത്തോടൊപ്പം രചനാത്മകമായ മറ്റൊരു വശംകൂടിയുണ്ട്: ഓരോ ദേശവും, ഓരോ ഭൂവിഭാഗവും അതതു ദേശവാസികളുടെ ഉടമയാണ്; അവരാണ് അവിടത്തെ അധീശാധിപതികൾ. ഈ വശത്തിലൂടെ പുരോഗമിച്ചുകൊണ്ട് ജനാധിപത്യവാദമിന്ന് സ്വീകരിച്ചിട്ടുള്ള രൂപവിശേഷമിതാണ്: തങ്ങളുടെ അഭീഷ്ടത്തെയും അഭിലാഷത്തെയും സംബന്ധിച്ചിടത്തോളം ഏതൊരു ജനതയും സർവതന്ത്ര സ്വതന്ത്രരാകുന്നു. ജനതയുടെ (അഥവാ, പ്രയോഗത്തിൽ 51 ശതമാനത്തിന്റെ) സാമൂഹികമായ അഭിലാഷത്തെയും അഭീഷ്ടത്തെയും നിയന്ത്രിക്കുന്ന യാതൊരു ശക്തിയുമില്ല. സദാചാരപരമോ നാഗരികമോ സാമൂഹികമോ സാമ്പത്തികമോ രാഷ്ട്രീയമോ ആയ ഏതു തത്ത്വമായാലും ശരി, ജനാഭിലാഷം ശരിവയ്ക്കുന്നതാണ് സത്യം; പൊതുജനാഭി

> പ്രായം തള്ളിക്കളയുന്ന തത്ത്വം അസത്യവും! ജനഹിതത്തെ ആശ്രയിച്ചാണ് നിയമം നിലകൊള്ളുന്നത്. ജനഹിതത്തിന് യഥേഷ്ടം ഏത് നിയമവും നിർമിക്കാനും ദുർബലപ്പെടുത്താനും ഭേദഗതി ചെയ്യാനും സ്വാതന്ത്ര്യമുണ്ട്. ഭരണകൂടം ജനഹിതാനുസൃതം രൂപവൽക്കരിക്കപ്പെടുന്നു. ജനാഭിലാഷത്തെ പാലിക്കുകയെന്നതാണ് ഗവൺമെന്റിന്റെ ധർമം. ജനഹിത പൂർത്തീകരണത്തിനായി ഭരണകൂടത്തിന്റെ ശക്തി മുഴുവൻ വിനിയോഗിക്കുകയും വേണം.
>
> മുകളിൽ സംക്ഷിപ്തമായി വിവരിച്ച മൂന്ന് തത്ത്വങ്ങളാണ് അഭിനവ യുഗത്തിലെ ജീവിതവ്യവസ്ഥയ്ക്കടിസ്ഥാനം. അതേ തത്ത്വങ്ങളിന്മേലാകുന്നു ഇന്നത്തെ സാമൂഹിക ഘടനയുടെ ഏറ്റവും പരിഷ്കൃത മാതൃകയായി കരുതപ്പെടുന്ന ഭൗതിക ജനായത്ത ദേശീയ രാഷ്ട്രം (Secular Democratic National State) കെട്ടിപ്പടുത്തിരിക്കുന്നതും!
>
> നമ്മുടെ പക്ഷത്തിൽ, പ്രസ്തുത മൂന്നു തത്ത്വങ്ങളും അബദ്ധജടിലങ്ങളാണ്. അബദ്ധജടിലങ്ങളെന്നു മാത്രമല്ല, മനുഷ്യനിന്ന് അടിപ്പെട്ടുപോയിട്ടുള്ള സകല ദുരിതങ്ങളുടെയും വിനാശങ്ങളുടെയും നാരായവേര് ആ തത്ത്വങ്ങളാണെന്നുകൂടി നാം ദൃഢമായി വിശ്വസിക്കുന്നുണ്ട്. നമ്മുടെ വിരോധം വാസ്തവത്തിൽ അതേ തത്ത്വങ്ങളോടത്രേ. നാം നമ്മുടെ മുഴു ശക്തിയുമുപയോഗിച്ച് അവയ്ക്കെതിരെ സമരം നടത്തിയേ തീരൂ. അവയെപ്പറ്റി നമുക്കുള്ള ആക്ഷേപമെന്ത്, എന്തിന് എന്നുള്ള ചർച്ച വളരെ സുദീർഘമാണെങ്കിലും ചുരുങ്ങിയ വാക്കുകൾകൊണ്ട് ഞാനത് മനസ്സിലാക്കാൻ ശ്രമിക്കാം. തദ്വാരാ ഈ സമരത്തിന്റെ പ്രാധാന്യവും അനുപേക്ഷണീയതയും നിങ്ങൾക്കനുമാനിക്കാൻ കഴിയുന്നതായിരിക്കും.

(അതേ പുസ്തകം, പേജ് 10 മുതൽ 11 വരെ)

**നമ്മുടെ പക്ഷത്തിൽ, പ്രസ്തുത മൂന്നു തത്വങ്ങളും അബദ്ധജടിലങ്ങളാണ്. അതുമാത്രമല്ല, മനുഷ്യനിന്ന് അടിപ്പെട്ടുപോയിട്ടുള്ള സകല പ്രശ്നങ്ങളുടെയും നാരായവേര് ജനാധിപത്യമുൾക്കൊള്ളുന്ന തത്വങ്ങളിലാണെന്ന് മൗദൂദി സാഹിബ് വ്യക്തമാക്കിയിരിക്കെ, എങ്ങനെയാണ് ജമാഅത്തെ ഇസ്ലാമി സഹോദരങ്ങളെ നിങ്ങൾക്ക് ഇത്തരത്തിലുള്ള കളവുകൾ മൗദൂദിയുടെ പേരിൽ തന്നെ പ്രചരിപ്പിക്കാൻ സാധിക്കുന്നത്? അല്ലാഹുവിൽ ശരണം.**

**ഇനി ഇവർ ജനാധിപത്യത്തിൻെറ പ്രസക്തി കാണിക്കാൻ വേണ്ടി രണ്ടാമതു കൊടുത്ത ഉദ്ധരണി പരിശോധിക്കാം.**

> ഭരണാധികാരിയെ തെരഞ്ഞടുക്കാനുള്ള ഏറ്റവും മെച്ചപ്പെട്ട രീതി എന്ന നിലയിലും ജമാഅത്ത് ജനാധിപത്യത്തെ
> പിന്തുണക്കുന്നു. സയ്യിദ് മൗദൂദി എഴുതുന്നു: ''ജനങ്ങളുടെ ആധിപത്യത്തിന്റെ സ്ഥാനത്ത് ജനങ്ങളുടെ പ്രാതിനിധ്യത്തെയാണ് നാം അംഗീകരിക്കുന്നത്. രാജാധിപത്യത്തോടും നാടുവാഴിമേധാവിത്വത്തോടും വർഗപരമായ കുത്തകാവകാശത്തോടും നമുക്ക് തീർത്താൽ തീരാത്ത അമർഷമുണ്ട്. ആധുനികകാലത്തെ ഏറ്റവും വലിയൊരു ജനാധിപത്യവാദിക്ക് ഉണ്ടാവുന്നത്ര അമർഷം. സാമൂഹികജീവിതത്തിൽ എല്ലാ ഓരോരുത്തർക്കും തുല്യാവകാശവും തുല്യനിലപാടും തുല്യാവസരവും ലഭിക്കണമെന്ന് നമുക്ക് വലിയ ശാഠ്യമുണ്ട്. ഒരു
> പാശ്ചാത്യ ജനാധിപത്യവാദിക്കുള്ളത്ര ശാഠ്യം. ദേശവാസികളുടെ സ്വതന്ത്രവും നിർബാധവുമായ ഹിതാനുസാരമായിരിക്കണം ഗവൺമെന്റിന്റെ ഭരണനിർവഹണവും ഭരണാധികാരികളുടെ തെരഞ്ഞെടുപ്പുമെന്നതിനെ സംബന്ധിച്ചേടത്തോളം നമുക്ക് എതിരഭിപ്രായമേ ഇല്ല. പൗരന്മാർക്ക് അഭിപ്രായസ്വാതന്ത്ര്യവും സംഘടനാസ്വാതന്ത്ര്യവും പ്രക്ഷോഭണ സ്വാതന്ത്ര്യവും ഇല്ലാത്തതോ ജനനത്തെയുംജാതിയെയും
> പാരമ്പര്യത്തെയും വർഗപരതയെയും ആധാരമാക്കിയുള്ള പ്രത്യേക അവകാശങ്ങളും പ്രത്യേക പ്രതിബന്ധങ്ങളും ഉള്ളതോ ആയ ഒരു വ്യവസ്ഥിതിയെ നാം ഒരിക്കലും അനുകൂലിക്കുന്നില്ല. ജനാധിപത്യത്തിന്റെ യഥാർഥ സത്തയായ ഈവിധ വിഷയങ്ങളിലൊന്നും നാം വിഭാവന ചെയ്യുന്ന ജനാധിപത്യവും പാശ്ചാത്യ ജനാധിപത്യവും തമ്മിൽ അന്തരമൊന്നുമില്ല'' ( മതേതരത്വം, ദേശീയത്വം, ജനാധിപത്യം: ഒരു താത്ത്വികവിശകലനം പേജ് 20).

ജനാധിപത്യമുൾക്കൊള്ളുന്ന തത്വങ്ങളെ അംഗീകരിക്കുന്നവരാണ് തങ്ങൾ എന്ന് മാലോകരെ ബോധ്യപ്പെടുത്താൻ സന്ദർഭത്തിൽനിന്നും അടർത്തിയെടുത്ത് നൽകിയ വരികളാണ് മുകളിൽ നാം വായിച്ചത്. മാത്രവുമല്ല, തുടക്കത്തിൽ തന്നെ ചെറിയ ഒരു അട്ടിമറികൂടി ഇവർ നടത്തിയിട്ടുണ്ട്. ജനങ്ങളുടെ ഹാകിമിയ്യത്തിന്റെ (അധീശാധിപത്യത്തിന്റെ) സ്ഥാനത്ത് ജനങ്ങളുടെ ഖിലാഫത്തിനെ (പ്രാതിനിധ്യത്തെ)യാണ് നാം അംഗീകരിക്കുന്നത് എന്നെഴുതിയ മൗദൂദി സാഹിബിന്റെ വരികളെ "ജനങ്ങളുടെ ആധിപത്യത്തിന്റെ സ്ഥാനത്ത് ജനങ്ങളുടെ പ്രാതിനിധ്യത്തെയാണ് നാം അംഗീകരിക്കുന്നത്" എന്ന് തിരുത്തി പരിചയപ്പെടുത്തുകയാണ്. ഇവിടെ, ജനങ്ങളുടെ പ്രാതിനിധ്യംക്കൊണ്ട് അദ്ദേഹം വിവക്ഷിക്കുന്നത് ഇസ്ലാമിക ഖിലാഫത്തിനെയാണ്. അക്കാര്യം തിടർന്നുള്ള വരികളിൽ സ്പഷ്ടമായി എഴുതിയിട്ടുള്ളത് കാണാം. പ്രസ്തുത പുസ്തകത്തിൽനിന്നും ആ ഭാഗം വായിക്കുക:

> ഇനി നമുക്ക് മൂന്നാമത്തെ തത്ത്വത്തെ, ദൈവത്തിന്റെ ആധിപത്യവും ജനങ്ങളുടെ പ്രാതിനിധ്യവും എന്ന തത്ത്വത്തെപ്പറ്റി ചിന്തിക്കാം. ജനങ്ങളുടെ 'ഹാകിമിയ്യ'ത്തിന്റെ (അധീശാധിപത്യത്തിന്റെ) സ്ഥാനത്ത് ജനങ്ങളുടെ 'ഖിലാഫത്തി'നെ (പ്രാതിനിധ്യത്തെ)യാണ് നാം അംഗീകരിക്കുന്നത്. രാജാധിപത്യ (monarchy) ത്തോടും നാടുവാഴി മേധാവിത്വത്തോടും വർഗപരമായ കുത്തകാവകാശത്തോടും നമുക്ക് തീർത്താൽ തീരാത്ത അമർഷമുണ്ട്-ആധുനിക കാലത്തെ ഏറ്റവും വലിയ ഒരു ജനാധിപത്യവാദിക്കുണ്ടാവുന്നത്ര അമർഷം. സാമൂഹിക ജീവിതത്തിൽ എല്ലാ ഓരോരുത്തർക്കും തുല്യാവകാശവും തുല്യനിലപാടും തുല്യാവസരവും ലഭിക്കണമെന്ന് നമുക്ക് വലിയ ശാഠ്യമുണ്ട്-ഒരു പാശ്ചാത്യൻ ജനാധിപത്യവാദിക്കുള്ളത്ര ശാഠ്യം. ദേശവാസികളുടെ സ്വാതന്ത്ര്യവും നിർബാധവുമായ ഹിതാനുസാരമായിരിക്കണം ഗവൺമെന്റിന്റെ ഭരണനിർവഹണവും ഭരണാധികാരികളുടെ തിരഞ്ഞെടുപ്പുമെന്നതിനെ സംബന്ധിച്ചിടത്തോളം നമുക്ക് എതിരഭിപ്രായവുമില്ല. പ്രജകൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും സംഘടനാ സ്വാതന്ത്ര്യവും പ്രക്ഷോഭണ സ്വാതന്ത്ര്യവുമില്ലാത്തതോ, ജനനത്തെയും ജാതിയെയും പാരമ്പര്യത്തെയും വർഗപരതയെയും ആധാരമാക്കിയുള്ള പ്രത്യേകാവകാശങ്ങളും പ്രത്യേക പ്രതിബന്ധങ്ങളുമുള്ളതോ ആയ ഒരു ജീവിതവ്യവസ്ഥിതിയെ നാം ഒരിക്കലും അനുകൂലിക്കുന്നില്ല. ജനാധിപത്യത്തിന്റെ യഥാർഥ സത്തായ ഇവ്വിധ വിഷയങ്ങളിലൊന്നും നാം വിഭാവനം ചെയ്യുന്ന ജനപ്രാതിനിധ്യവും പാശ്ചാത്യൻ ജനാധിപത്യവും തമ്മിൽ അന്തരമൊന്നുമില്ല. ഇവയൊന്നുംതന്നെ

പാശ്ചാത്യർ നമ്മെ അഭ്യസിപ്പിച്ചതുമല്ല. പടിഞ്ഞാറൻ ജനായത്ത വാദികൾ ജന്മമെടുക്കുന്നതിന്റെ എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ നമുക്കതറിയാം. അതിന്റെ ഏറ്റവും നല്ല മാതൃക ലോകത്തിന് നാം പ്രായോഗികമായി കാട്ടിക്കൊടുത്തിട്ടുള്ളതുമാണ്. വാസ്തവത്തിൽ ഈ പുത്തൻ ജനാധിപത്യത്തിൽ നമുക്ക് പറ്റാത്തത് ഒന്നുമാത്രമാകുന്നു: അത് ജനങ്ങളുടെ സ്വേച്ഛാപ്രഭുത്വത്തെ ആവിഷ്കരിച്ചുവെന്നത്. ഈ കാര്യത്തിൽ നമുക്കതിനോട് കഠിനമായ എതിർപ്പും ശത്രുതയുമാണുള്ളത്. കാരണം, യാഥാർഥ്യം നോക്കുമ്പോൾ അബദ്ധജടിലമായതോടുകൂടി ഫലംകൊണ്ട് അത്യാപൽക്കരവുമായ ഒന്നാണിത്. ഏതൊരുത്തൻ ജനങ്ങളെ സൃഷ്ടിച്ച് അവരുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കുമുള്ള ഉപാധികളിവിടെ സജ്ജീകരിച്ചു കൊടുത്തിരിക്കുന്നുവോ, ഏതൊരുത്തന്റെ ബലിഷ്ഠവും പ്രബലവുമായ നിയമപാശത്താൽ ഓരോ പ്രാപഞ്ചിക വസ്തുവും ബന്ധിതമാണോ അവന്റെ മാത്രം അധികാരത്തിലും അവകാശത്തിലും പെട്ടതാണ് അധീശാധിപത്യം.

പ്രപഞ്ച സംവിധായകനായ ദൈവത്തിന്റെ യഥാർഥ ആധിപത്യത്തിനുള്ളിലിരുന്നുകൊണ്ട് വല്ലവരും–അതൊരു വ്യക്തിയായാലും കുടുംബമായാലും ജനതയായാലും ബഹുജനങ്ങളായാലും, ആരുതന്നെയായാലും വേണ്ടതില്ല– സ്വയം ആധിപത്യവാദം ഉന്നയിക്കുന്നത് കേവലമൊരു തെറ്റിദ്ധാരണയല്ലാതെ മറ്റൊന്നുമല്ല. ആ തെറ്റിദ്ധാരണയുടെ ആഘാതമാകട്ടെ, സാക്ഷാൽ അധീശാധിപതിക്കല്ല, സ്വയം വിഡ്ഢിവേഷം കെട്ടിയ ആ കള്ളവാദിക്കായിരിക്കും പറ്റുക. ഈ പച്ചപ്പരമാർഥത്തിന്റെ വെളിച്ചത്തിൽ പ്രപഞ്ചകർത്താവായ ദൈവത്തെ അധീശാധിപതിയായംഗീകരിക്കുകയും ഭരണവ്യവസ്ഥയെ 'ഖിലാഫത്ത്' (പ്രാതിനിധ്യ) സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കുകയും ചെയ്യുന്നതിനെ ആശ്രയിച്ചാണ് മനുഷ്യന്റെ ക്ഷേമൈശ്വര്യം നിലകൊള്ളുന്നതെന്നത് വളരെ വ്യക്തമാണ്. തത്ത്വത്തിൽ ശരിയും, ഫലംകൊണ്ടുത്തമവും അതൊന്നു മാത്രമാകുന്നു.

പ്രസ്തുത ഖിലാഫത്ത് തീർച്ചയായും ജനായത്തപരമായിരിക്കണം. ബഹുജനാഭിപ്രായമനുസരിച്ച് 'അമീറി'നെ അഥവാ ഭരണ മേലധ്യക്ഷനെ തിരഞ്ഞെടുക്കണം. അവരുടെ അഭിപ്രായ പ്രകാരം തന്നെയാവണം കാര്യാലോചനാ സഭ രൂപീകരിക്കുന്നതും. അവരോടാലോചിച്ചുകൊണ്ടേ ഭരണകാര്യങ്ങൾ നിർവഹിക്കാൻ പാടുള്ളൂ. ഭരണകർത്താക്കളെ വിമർശിക്കാനും ചോദ്യം ചെയ്യാനും സാധാരണക്കാർക്ക് തുറന്ന അവസരവും അവകാശവുമുണ്ടാവണം. എന്നാൽ, രാജ്യം തങ്ങളുടേതല്ല, ദൈവത്തിന്റേതാണ്; തങ്ങൾ നാട്ടിന്റെ ഉടമകളല്ല, ദൈവത്തിന്റെ പ്രതിനിധികളാണ്; തങ്ങളുടെ ഏത് പ്രവൃത്തിയെപ്പറ്റിയും യഥാർഥ ഉടമസ്ഥനായ ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടിവരും എന്നീ ബോധത്തോടും ഓർമയോടും കൂടിയായിരിക്കണം അതെല്ലാം ചെയ്യുന്നത്.

(അതേ പുസ്തകം, പേജ് 19 മുതൽ 20 വരെ)

സഹോദരൻമാരെ ഇപ്പോൾ മനസ്സിലായില്ലെ, മൗദൂദി സാഹിബ് വിവക്ഷിച്ച അധീശാധിപത്യവും ജനങ്ങളുടെ പ്രാതിനിധ്യവും എന്താണെന്ന്. ഇന്ത്യയുടെ നിലവിലുള്ള ജനാധിപത്യ

വ്യവസ്ഥ മൗദൂദി, അവസാനം വിശദീകരിച്ചതു പോലുള്ള പ്രാതിനിധ്യ സ്വഭാവത്തിലുള്ളതാണൊ? ഇപ്പോൾ ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് ചുവടു മാറ്റിക്കൊണ്ട് വഞ്ചനയോട് കൂടി ഇന്ത്യൻ ജനതയുടെ മുമ്പിൽ ഉയർത്തികാട്ടുന്ന അവരുടെ നയപരിപാടികളിൽ ഉൾപ്പെടുത്തിയ ജനാധിപത്യം തന്നെയാണ് മൗദൂദി സാഹിബ് ജനങ്ങളുടെ 'ഹാകിമിയ്യ' ത്തിൻെറ (അധീശാധിപത്യത്തിൻെറ) സ്ഥാനം കൊണ്ട് ഉദ്ദേശിച്ചത്. അത് പ്രത്യക്ഷമായി തന്നെ ഇവർ ഉയർത്തികാണിച്ച പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്. അത് ഇപ്രകാരം വായിക്കാം:

> മൂന്നാമത്തെ തത്ത്വം (ജനാധിപത്യം) ആദ്യത്തെ രണ്ടു തത്ത്വങ്ങളുമായി ഇഴുകിച്ചേർന്ന് അവയുടെ വിപത്തിനെ പരമകാഷ്ഠയിലെത്തിക്കുകയാണ് ചെയ്യുന്നത്. ജനാധിപത്യമെന്നാൽ, നാം മുമ്പ് പ്രസ്താവിച്ചതുപോലെ, ജനങ്ങളുടെ അധീശാധിപത്യമെന്നാണല്ലോ ആധുനിക സംസ്കാരത്തിന്റെ ഭാഷയിൽ വിവക്ഷിക്കപ്പെടുന്നത്. ഒരു ദേശത്തിന്റെ അധീശാധിപതി തദ്ദേശീയരുടെ സാമൂഹികാഭിലാഷമാണ്. ജനത നിയമത്തിനു വഴങ്ങുകയല്ല, നിയമം ജനാഭിലാഷത്തിനു വിധേയമാക്കുകയാണ്. ഗവൺമെന്റിന്റെ ഘടനയും കഴിവുമെല്ലാം ജനതയുടെ സാമൂഹികാഭിലാഷ പൂർത്തീകരണത്തിനുവേണ്ടി വിനിയോഗിക്കുക എന്നതാണ് ഭരണകൂടത്തിന്റെ പരമോദ്ദേശ്യം. ഇപ്പോഴൊന്നു ചിന്തിച്ചുനോക്കുക: മതേതരത്വം ആദ്യമേ ജനങ്ങളെ ദൈവഭയശൂന്യരും സനാതന ധാർമിക തത്ത്വങ്ങളിൽനിന്ന് വിമുക്തരുമാക്കിത്തീർത്തു. അവർ തൻമൂലം ലഗാനില്ലാത്ത, ഉത്തരവാദ ബോധമില്ലാത്ത തനി സ്വേച്ഛാപൂജകരായിക്കഴിഞ്ഞു. അനന്തരം ദേശീയവാദം അവരെ ജനകീയ സ്വാർഥത്തിന്റെയും അന്ധമായ ദേശീയ പക്ഷപാതത്തിന്റെയും മുഴുത്ത അഹങ്കാരത്തിന്റെയും മദ്യം കുടിപ്പിച്ച് മത്തൻമാരാക്കി. ഇപ്പോഴിതാ ജനാധിപത്യം അതേ ജനങ്ങളുടെ, ലഗാനില്ലാത്തവരും മത്തുപിടിച്ചവരും താന്തോന്നിത്തപൂജകരുമായ ജനങ്ങളുടെ സാമൂഹികാഭിലാഷങ്ങൾക്ക് നിയമനിർമാണത്തിലുള്ള പൂർണാധികാരം സമ്മാനിച്ചിരിക്കുന്നു. അവർ പൊതുവായി അഭിലഷിക്കുന്നതെന്തും സാധിച്ചുകൊടുക്കേണ്ടതിന് സകല കഴിവുകളും വിനിയോഗിക്കലാണ് ഭരണകൂടത്തിന്റെ ഏകോദ്ദേശ്യമെന്നു നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ ചോദ്യമിതാണ്: ഇങ്ങനെ സ്വേച്ഛാധികാരവും അധീശാധിപത്യവും നല്കപ്പെട്ടിട്ടുള്ള ഒരു ജനതയുടെ സ്ഥിതിയും, ശക്തനും തോന്ന്യാസിയുമായ ഒരു റൗഡിയുടെ സ്ഥിതിയും തമ്മിൽ വ്യത്യാസപ്പെടുന്നത് എന്തൊന്നിലായിരിക്കും! ശക്തനും തോന്ന്യാസിയുമായ ഒരു റൗഡി പരിമിതമായ തോതിൽ പ്രവർത്തിക്കുന്ന ഗുണ്ടായിസങ്ങളും തെമ്മാടിത്തങ്ങളും തന്നെയല്ലേ, കൂടുതൽ വിപുലമായ തോതിൽ ആ ജനതയും പ്രവർത്തിക്കുക? പിന്നെ ലോകത്ത് ഇത്തരത്തിലുള്ള ഒറ്റ ജനതയേയുള്ളൂവെങ്കിൽ കുറേ പൊറുതിയായിരുന്നു. എന്നാൽ എല്ലാ നാഗരിക ജനവിഭാഗങ്ങളും ഇതേ ഭൗതിക-ദേശീയ ജനായത്താടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ടാലത്തെ കഥ പറയേണ്ടതുണ്ടോ? അന്ന് ഭൂഗോളം മുഴുവൻ ചെന്നായ്ക്കളുടെ പോർക്കളമായില്ലെങ്കിൽ മറ്റെന്താണാവുക?
>
> ഇവ്വിധം വിവിധ കാരണങ്ങളാലാണ് പ്രസ്തുത മൂന്നു തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ രൂപമെടുത്ത ആധുനിക സാമൂഹികഘടനയെ നാം അതിവിപൽക്കരമെന്നു മനസ്സിലാക്കുന്നത്. നമ്മുടെ വിരോധം കേവലം മതേതര-ദേശീയ-ജനാധിപത്യ വ്യവസ്ഥിതിയോടാണ്. അതിനെ ചലിപ്പിക്കുന്ന കൈകൾ ഹിന്ദുവിന്റെയോ മുസൽമാന്റെയോ, പാശ്ചാത്യന്റെയോ പൗരസ്ത്യന്റെയോ ആരുടെ തന്നെയായാലും കൊള്ളാം. ഏതു നാട്ടിൽ, ഏതു ജനതയുടെ മേൽ ഈ ഭയങ്കര വിപത്ത് അടിച്ചേല്പിക്കപ്പെടുന്നതായാലും അവിടത്തെ ദൈവദാസൻമാരെ നാം ശക്തിയുക്തം ആഹ്വാനം ചെയ്യുന്നതായിരിക്കും, ആ വിപത്തിനെക്കുറിച്ച് ജാഗരൂകരാകുവാൻ! അതിനെ തുടച്ചുമാറ്റി ഒരു ഉത്തമ സാമൂഹികവ്യവസ്ഥിതി സ്ഥാപിക്കുവാൻ!!

(അതേ പുസ്തകം, പേജ് 15 മുതൽ 16 വരെ)

സഹോദരൻമാരെ, മനസ്സിരുത്തി ചിന്തിച്ച് നോക്കുക. എത്ര ഗുരുതരമായ ചതിയാണ് ഇവർ സമുദായത്തോടും രാഷ്ട്രത്തോടും ചെയ്യുന്നത്. തങ്ങൾക്ക് പറ്റിയത് അബദ്ധമാണെന്ന് സമ്മതിച്ചു കൊണ്ട്, മുമ്പ് മൗദൂദി സാഹിബ് പഠിപ്പിച്ച തീവ്രവാദപരമായ നിലപാടുകൾ തിരുത്തേണ്ടതിനു പകരം അദ്ദേഹത്തിൻെറ കൃതികളിൽ ക്രിത്രിമം കാണിച്ച് എല്ലാം മായ്ക്കുവാൻ ശ്രമിക്കുകയാണവർ!! പരലോകത്തിൽ വിശ്വാസമില്ലേ ഇവർക്ക്?...

യഥാർത്ഥത്തിൽ, അബുൽ അഅ്ലാ മൗദൂദി സാഹിബ് രചിച്ച പ്രസ്തുത ഗ്രന്ഥം മതേതര ഭൗതികത്വത്തിന് പകരം ദൈവദാസ്യവും ദൈവാനുസരണവും, ദേശീയത്വത്തിനു പകരം മനുഷ്യത്വവും, ജനാധിപത്യത്തിനു പകരം ദൈവാധിപത്യവും ജനപ്രാതിനിധ്യവും (ഖിലാഫത്ത്) സ്ഥാപിക്കണമെന്ന് അതിശക്തമായി തന്നെ ആവശ്യപ്പെടുന്നുണ്ട്. മാത്രവുമല്ല, ഒരു മുസ്ലിം എന്ന നിലക്ക് യാതൊരു തരത്തിലും ജനാധിപത്യ സംവിധാനത്തോട് നമ്മൾ സഹകരിക്കാൻ പാടില്ല എന്ന് പകൽ വെളിച്ചം പോലെ ഉറക്കെ പ്രഖ്യാപിക്കുകക്കൂടി അദ്ദേഹം ചെയ്യുന്നുണ്ട്. ഇതാ തീവ്രവാദം പുരണ്ട, മായാതെ കിടക്കുന്ന അദ്ദേഹത്തിൻെറ പുസ്തകത്തിലെ വരികൾ:

> സുഹൃത്തുക്കളേ, വളരെ സംക്ഷിപ്തമായി വിവരിച്ച ഈ മൂന്ന് തത്ത്വങ്ങളും അഭിനവ സംസ്കാരത്തിന്റേതായ 'ദേശീയ മതേതര ജനാധിപത്യ വ്യവസ്ഥിതി'ക്കെതിരിൽ, ഒരു ദൈവിക മാനുഷിക ജനപ്രാതിനിധ്യ വ്യവസ്ഥിതിയുടെ സംസ്ഥാപനത്തെയാണാവശ്യപ്പെടുന്നതെന്ന് സ്പഷ്ടം; അതത്രേ ജമാഅത്തെ ഇസ്ലാമിയുടെ ലക്ഷ്യവും. പ്രസ്തുത രണ്ട് വ്യവസ്ഥകൾ തമ്മിലുള്ള അജഗജാന്തരം ഒറ്റനോട്ടത്തിൽതന്നെ പ്രസ്പഷ്ടമാണ്. ഇനി അവ രണ്ടിൽ ഏതാണുത്തമം, ഏതിലാണ് നമ്മുടെയും അഖില മനുഷ്യരാശിയുടെയും മോക്ഷവും ക്ഷേമവും സ്ഥിതിചെയ്യുന്നത്, ഏതിനെ സ്ഥാപിക്കലാണ് അഭികാമ്യം, ഏതിന്റെ അധിഷ്ഠാപനത്തിനും നിലനില്പിനും വേണ്ടിയാണ് നിങ്ങളുടെ കഴിവുകൾ ചെലവഴിക്കേണ്ടത് എന്നീ കാര്യങ്ങളുടെ തീരുമാനം നിങ്ങളുടെ സ്വന്തം മനഃസാക്ഷിയെ ആശ്രയിച്ചാണിരിക്കുന്നത്.
>
> മുസൽമാൻമാരെ സംബന്ധിച്ചിടത്തോളം, ഞാനിതാ അവരോട് തുറന്ന് പ്രസ്താവിക്കുന്നു: ആധുനിക മതേതര ദേശീയ ജനാധിപത്യം നിങ്ങളുടെ ഇസ്ലാമിനും ഈമാനിനും കടകവിരുദ്ധമാണ്. നിങ്ങളതിന്റെ മുമ്പിൽ സർവാത്മനാ തല കുനിക്കുകയാണെങ്കിൽ നിങ്ങളുടെ വിശുദ്ധ ഖുർആനെ പിറകോട്ടു വലിച്ചെറിയലായിരിക്കും. നിങ്ങളതിന്റെ സ്ഥാപനത്തിലും നടത്തിപ്പിലും പങ്കുവഹിക്കുകയാണെങ്കിൽ നിങ്ങളുടെ തിരുദൂതനോട് ചെയ്യുന്ന കടുത്ത വഞ്ചനയായിരിക്കും. നിങ്ങളതിന്റെ കൊടിപിടിക്കുകയാണെങ്കിൽ നിങ്ങളുടെ ദൈവത്തിനെതിരെ രാജദ്രോഹക്കൊടി ഉയർത്തലായിരിക്കും. ഏതൊരു പരിശുദ്ധ ഇസ്ലാമിന്റെ പേരിൽ മുസ്ലിംകളെന്നു നിങ്ങൾ സ്വയം അവകാശപ്പെടുന്നുണ്ടോ അതിന്റെ ആത്മാവും ഈ അവിശുദ്ധ വ്യവസ്ഥിതിയുടെ ആത്മാവും തമ്മിൽ തുറന്ന സമരത്തിലാണ്. അതിന്റെ മൗലിക തത്ത്വങ്ങളും ഇതിന്റെ മൗലിക തത്ത്വങ്ങളും തമ്മിൽ പ്രത്യക്ഷ സംഘട്ടനമാണ്. അതിന്റെ ഓരോ ഘടകവും ഇതിന്റെ ഓരോ ഘടകവുമായി സന്ധിയില്ലാത്ത യുദ്ധമാണ്. പ്രസ്തുത വ്യവസ്ഥിതിയുമായി ഇസ്ലാം യോജിക്കുന്ന ഒറ്റ പോയിന്റുമില്ല. ആ വ്യവസ്ഥിതി അധികാരം വാഴുന്നിടത്ത് ഇസ്ലാം വെറും ജലരേഖയായിരിക്കും. ഇസ്ലാമിന് സ്വാധീനമുള്ള ദിക്കിൽ ആ വ്യവസ്ഥയ്ക്ക് സ്ഥാനവുമുണ്ടാവുകയില്ല. നിങ്ങൾ പരിശുദ്ധ ഖുർആനും തിരുദൂതരും

ആവിഷ്കരിച്ച ഇസ്‌ലാമിലാണ് യഥാർഥത്തിൽ വിശ്വസിക്കുന്നതെങ്കിൽ, നിങ്ങൾ എവിടെയായിരുന്നാലും ശരി, മതേതര ഭൗതികത്വ സിദ്ധാന്തത്തിലധിഷ്ഠിതമായ ഈ ദേശീയ ജനായത്തത്തെ പ്രതിരോധിക്കുകയും പകരം ദൈവവിശ്വാസത്തിലധിഷ്ഠിതമായ ആ മാനുഷിക പ്രാതിനിധ്യത്തിന്റെ സ്ഥാപനാർഥം സമരം നടത്തുകയും ചെയ്യേണ്ടത് നിങ്ങളുടെ ഒഴിച്ചുകൂടാനാവാത്ത മതകർത്തവ്യം മാത്രമാകുന്നു; നിങ്ങൾക്ക് ഒരു പ്രത്യേക ജനതയെന്ന നിലയിൽ സ്വാതന്ത്ര്യവും സ്വയം നിർണയാവകാശവും ലഭിക്കുന്നേടത്ത് വിശേഷിച്ചും. യഥാർഥ ഇസ്‌ലാമിക വ്യവസ്ഥിതിക്കു പകരം, ഈ 'കുഫ്ർ' വ്യവസ്ഥയാണ് നിങ്ങൾ സ്വന്തം കരങ്ങൾകൊണ്ട് നിർമിച്ചു നടത്തുന്നതെങ്കിൽപ്പിന്നെ നിങ്ങളോട് എനിക്കൊന്നും പറയാനില്ല. "ഇസ്‌ലാം അപകടത്തിൽ" എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് നാടുനീളെ ബഹളവും കോലാഹലവും സൃഷ്ടിച്ചുവിട്ട നിങ്ങൾ, ആ ഇസ്‌ലാമിനെ പ്രയോഗത്തിൽ വരുത്താനുള്ള അവസരം കൈവരുമ്പോൾ അമാന്തം കാണിക്കുകയും ഇസ്‌ലാമിന്റെ സ്ഥാനത്ത് കുഫ്റിനെ പ്രതിഷ്ഠിക്കുകയുമാണെങ്കിൽ നിങ്ങളുടെ ഈ വ്യാജജടിലമായ 'മുസ്‌ലിംവാദം' എത്ര ജുഗുപ്സാവഹം!

(അതേ പുസ്തകം, പേജ് 21 മുതൽ 22 വരെ)

സഹോദരൻമാരെ, ജമാഅത്തെ ഇസ്‌ലാമിയുടെ കപടമുഖമാണ് നാം മുകളിൽ ദർശിച്ചത്. അനിസ്‌ലാമികമായ ഒട്ടനവധി ആശയങ്ങൾ മതേതര ഭാരതത്തിൽ വിതക്കാൻ ശ്രമിച്ച ഇവരെ ഓരോന്നിനും ഖുർആനിൻെറയും സുന്നത്തിൻെറയും പിന്തുണയോടു കൂടി നശിപ്പിക്കുവാൻ അള്ളാഹുവിൻെറ സഹായത്താൽ നമ്മുടെ പണ്ഠിതൻമാർക്കും നേതാക്കൻമാർക്കും സാധിച്ചിട്ടുണ്ട്. എകിലും വിലക്ഷണമായ ഈ പ്രസ്ഥാനക്കാർ ഇതുപോലെയുള്ള അനേകം നുണകളുമായി പിശാചിൻെറ സഹായത്തോടെ (പിശാചിനെ അനുസരിച്ചുക്കൊണ്ട്) നമുക്കിടയിൽ ഇനിയും വിഹരിക്കാൻ സാധ്യതയുണ്ട്. അതുകൊണ്ട് തന്നെ നിശിതമായ കരുതലോടെ ഇക്കൂട്ടരുടെ ഫിത്നകളെ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു. അള്ളാഹുവിൽ ശരണം.

നാഥാ, എത്രയോ സാധാരണക്കാരായ വെറും പാവങ്ങളായ സഹോദരങ്ങൾ തങ്ങൾ ചെയ്യുന്നത് സത്കർമ്മമാണെന്ന് തെറ്റിദ്ധരിച്ചുക്കൊണ്ട് മൗദൂദി കൃതികളും ജമാഅത്ത് മാസികകളും കക്ഷത്തുവെച്ചു നടക്കുന്നുണ്ട്. ഇതു വായിക്കുന്ന അത്തരം സഹോദരങ്ങൾക്ക് കണ്ണ് തുറക്കുവാനുള്ള ഒരവസരം ഈ എളിയ ശ്രമത്തിലൂടെ ഉണ്ടാക്കേണമേ, ആമീൻ.

**അൻവർ അബൂബക്കർ**